പ്രാഥമിക അന്വേഷണം നടത്തി ഡി.എഫ്.ഒ. ഉൾപ്പെടെ 12 വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ കൈക്കൊണ്ട് സസ്പെൻഷൻ നടപടിയുമായി മുന്നോട്ട്പോകുകയാണ്. മെമ്പർ പറഞ്ഞതുപോലെ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ വിജിലൻസ് അന്വേഷണം കാലതാമസം കൂടാതെ നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഇതിനെ കാണുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ അതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി ആവശ്യമായ നടപടികളെല്ലാം തന്നെ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: വ്യാജരേഖയുണ്ടാക്കിയ ഈ കരാറുകാരന് കൊടുക്കാനുള്ള പണം എത്രയും പെട്ടന്ന് മാറ്റിക്കൊടുത്തു എന്നുള്ള ആക്ഷേപം അന്വേഷിക്കുമോ?

ശ്രീ. എ. സുജനപാൽ: ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(22) കോടനാട് മൃഗശാല മാറ്റി സ്ഥാപിക്കാനും ആനക്കളരി വിപുലീകരിക്കാനും ആനപാപ്പാൻകളരി പ്രവർത്തനം ആരംഭിക്കാനും നടപടി

ശ്രീ. സാജു പോൾ: സർ, കോൺക്രീറ്റ് വനങ്ങളായിത്തീർന്നിരിക്കുന്ന നഗരങ്ങളിൽ നിന്നും മലയോര ഗ്രാമീണ കേന്ദ്രങ്ങളാണ് അല്പം ആശ്വാസവും മാനസികോല്ലാസവും ലഭിക്കാൻ ഇന്ന് സർവ്വരും തെരഞ്ഞെടുക്കുന്നത്. എറണാകുളത്തിന്റെ കിഴക്കൻ മേഖലയിൽ പെരിയാറിന്റെ വശ്യ മനോഹാരിതയും കാലടി, മലയാറ്റൂർ, കോടനാട്, പാണിയേരിപ്പോര്, ഭൂതത്താൻകെട്ട് തുടങ്ങിയ പ്രകൃതി രമണീയമായ സ്ഥലങ്ങളും നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കോടനാടിന്റെ ഏറ്റവും പ്രാധാന്യമുള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. പതിറ്റാണ്ടുകൾ പഴക്കമുള്ള കോടനാട് ആനക്കളരിയുടേയും നിർദ്ദിഷ്ട ആനപാപ്പാൻ കളരിയുടേയും പ്രതിസന്ധികൾ ഗവൺമെന്റ് അടിയന്തിരമായി പരിഹരിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പിന്റെ ചുമതല വഹിച്ചപ്പോൾ കോടനാട് സന്ദർശിച്ചിരുന്നു. റെസ്ക്യൂ സെന്ററുകളായി പ്രവർത്തിച്ചിരുന്ന കോടനാട് ഉൾപ്പെടെ ആറ് മിനി മൃഗശാലകൽ അടച്ചുപൂട്ടാൻ Central Zoo Authority ഉത്തരവിട്ടിരിക്കുകയാണ്. പെരുവണ്ണാമൂഴി, നെയ്യാർ എന്നിവിടങ്ങളിലെ ചീങ്കണ്ണി സംരക്ഷണ കേന്ദ്രങ്ങൾ, കോടനാട്, വാളയാർ, തട്ടേക്കാട് മാൻ പാർക്കുകൾ, മലമ്പുഴ സ്നേക്ക് പാർക്ക് എന്നിവയാണ് അടച്ചു പൂട്ടാൻ ഉത്തരവിട്ടിരിക്കുന്നത്. മലയോര മേഖലയിൽ റെസ്ക്യൂ സെന്ററുകൾ നിലനിർത്താതിരിക്കാൻ കഴിയില്ല. അതുകൊണ്ട് വളരെയധികം മൃഗങ്ങളുള്ള കോടനാട് മൃഗശാല വിപുലീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കപ്രിക്കാട് എന്ന് സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശം അടിയന്തിരമായി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച്, വന്യമൃഗപുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ പറഞ്ഞതുപോലെ കപ്രിക്കാട് എന്ന സ്ഥലത്ത് 10 ഹെക്ടർ ഭൂമി കണ്ടെത്തുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ Central Zoo Authority-യുടെ ആവശ്യപ്രകാരമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉദ്ദേശം 70 ലക്ഷം രൂപ വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ജോലികൾ പൂർത്തീകരിച്ച് അംഗീകാരം വാങ്ങി ഒരു മൃഗശാലാരൂപത്തിൽ പ്രവർത്തിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ആനക്യാമ്പ് വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുപോലെ ആന പാപ്പാന്മാരുടെ ഹ്രസ്വകാല പരിശീലന കോഴ്സുകൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിക്കഴിഞ്ഞാൽ, Zoo Authority-യുടെ അംഗീകാരംകൂടി ലഭിച്ചുകഴിഞ്ഞാൽ അടിയന്തിരമായി അവിടെ ആവശ്യമായ ഒരു കേന്ദ്രം സ്ഥാപിക്കാൻ നടപടികൾ കൈക്കൊള്ളും.

[12.00 Noon]

(23) കോഴിക്കോട് ജീരകപ്പാറയിൽ വനം കയ്യേറ്റം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോടഞ്ചേരി പഞ്ചായത്തിലെ ജീരകപ്പാറ വനപ്രദേശം തുടർച്ചയായ കയ്യേറ്റത്തിനു വിധേയമാകുകയാണ്. ജീരകപ്പാറ 110-ൽപ്പെടുന്ന വനം വകുപ്പ് റെസ്റ്റോർ ചെയ്ത ഭൂമിയാണ് ഇപ്പോൾ ഏറ്റവും അവസാനം കയ്യേറ്റത്തിന് വിധേയമായത്. ഇവിടെ വനത്തിന്റെ നടുവിൽ ഏതാനും കൃഷിക്കാരുടെ കൈവശഭൂമിയുണ്ട്. ഇത് തർക്കത്തിലുള്ള ഭൂമിയാണ്. ഇവിടെ ഭൂരഹിതരായ കൈവശക്കാരുണ്ടെങ്കിൽ അവർക്ക് പകരം ഭൂമിയോ അർഹമായ നഷ്ടപരിഹാരമോ നൽകി തർക്കഭൂമി വനംവകുപ്പിന്റേതായി സംരക്ഷിക്കണം. ഇവിടെ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന റഷീദ് എന്ന ഉടമയ്ക്കുവേണ്ടിയാണ് ഈ കയ്യേറ്റം നടന്നത്. അര ഏക്കറോളം ഭൂമിയിൽ വലിയ മരങ്ങൾ വെട്ടിയിടുകയും കാട് വെട്ടിത്തെളിക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ ഈ സ്ഥലത്ത് നേരിട്ട് പോവുകയും സ്ഥലം കണ്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ സ്ഥലത്ത് പോയിട്ടുള്ളതാണ്. ഈ കയ്യേറ്റം കർശനമായി തടയുന്നതിനു വേണ്ടിയുള്ള എല്ലാവിധ നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒരു കാരണവശാലും വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി

LIBRARY ARCHIVES Kerala Legislative Assembly